## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3099.** **20.06.2014-ലെ മറുപടിക്ക്**

# കാർഷിക വിപണികളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പാലോട് രവി<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. വി.ഡി. സതീശൻ | ശ്രീ. കെ.പി. മോഹനൻ<br><br>കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പു മന്ത്രി |
| (എ) കാർഷിക വിപണികളുടെ പ്രവർത്തനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) മാർക്കറ്റ് വികസന പദ്ധതി 2014-15 പ്രകാരം കാർഷിക വിപണികളുടെ പ്രവർത്തനത്തിനു വേണ്ടി ബഡ്ജറ്റിൽ 1185 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. അത് പ്രകാരം വിവിധ പദ്ധതികൾ രൂപീകരിച്ചു നടപ്പിലാക്കുന്നതാണ്; |
| (ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തെ കർഷകരുടെ വിപണന സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനും, ഇടനില ക്കാരുടെ ചൂഷണത്തിൽ നിന്നും ഒഴിവായി, ന്യായമായ വില അവരുടെ ഉല്പന്നങ്ങൾക്ക് ലഭിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സംസ്ഥാനത്തെ 6 കാർഷിക മൊത്തവ്യാപാര വിപണികളിലേയും, 5 ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളിലേയും സമീപ പരിസരത്തുള്ള കർഷകരെ ഗ്രൂപ്പുകളാക്കിക്കൊണ്ട് അവരുടെ ഉല്പന്നങ്ങൾ ടി വിപണികളിൽ കൊണ്ടുവന്ന് നേരിട്ട് ലേലം നടത്തി വിപണനം നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നു. കൂടാതെ ടി വിപണികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, കർഷക രുടെ ഉല്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്ന തിനുമായി വെയർ ഹൗസുകളും, കോൾഡ് സ്റ്റോറേജ് സംവിധാനങ്ങളും ഒരുക്കുന്നു. |

(..............2)

| | |
|---|---|
| **(സി)** പ്രസ്തുത പദ്ധതി ഏതെല്ലാം മേഖലകളിലെ വിപണികളിൽ നടപ്പിലാക്കുന്നുണ്ടെന്ന് വിശദമാക്കുമോ; | **(സി)** പ്രസ്തുത പദ്ധതി സംസ്ഥാനത്തെ 6 കാർഷിക മൊത്ത വ്യാപാര വിപണികളായ ആനയറ, നെടുമങ്ങാട്, മരട്, മൂവാറ്റുപുഴ, വേങ്ങേരി, സുൽത്താൻ ബത്തേരി എന്നിവിടങ്ങളിലും, 5 ജില്ല സംഭരണ വിപണന കേന്ദ്രങ്ങളായ കൊല്ലം - കാളിയൻചന്ത, ആലപ്പുഴ - കോടന്തുരുത്ത്, കോട്ടയം - കുറുപ്പൻത്തറ, ഇടുക്കി -തൊടുപുഴ, തൃശൂർ - പാവറട്ടി എന്നിവിടങ്ങളിലും നടപ്പിലാക്കുന്നു. കൂടാതെ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ വിപണികൾ ശക്തിപ്പെടുത്തുന്നതും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; |
| **(ഡി)** പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | **(ഡി)** മാർക്കറ്റ് വികസന പദ്ധതി 2014-15 പ്രകാരം വിപണികളുടെ വികസനത്തിനായി 1185 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ ഘടകങ്ങൾക്ക്, തുടർ അനുമതി നൽകി നടപ്പിലാക്കി വരുന്നു. |

അണ്ടർ സെക്രട്ടറി.